
DEW DROPS..
magazine
LITTLE KITES | MAHAS
mattanur higher secondary school

# കാലടിപ്പാടുകൾ....

മട്ടന്നൂരിന്റെ മഹസ്സുകളിലൊന്നാണ് മട്ടന്നൂർ ഹയർ സെക്കന്ററി സ്കൂൾ.വിടരാൻ തുടങ്ങുന്ന നമ്മുടെ കൊച്ചു നഗരത്തിൽ അര നൂറ്റാണ്ട് മുമ്പ് ഒരു പീടികമുകളിൽ തുടങ്ങി,പിന്നീട് പാലോട്ടുപള്ളിയിലേക്ക് മാറിയ മട്ടന്നൂർ ഹൈ സ്കൂൾ ഇന്നൊരു മഹാവിദ്യാലയമായി വളർന്നിരിക്കുന്നു.അറിവുതേടി ആയിരങ്ങൾ ഈ പടികയറി വന്നു.ഋഷിതുല്യരായ ഗുരുക്കന്മാർ അക്ഷരങ്ങൾ കൊണ്ട് അവരുടെ മനസ്സിൽ മണിമന്ദിരങ്ങൾ പണിതുയർത്തി.അക്കങ്ങളുടെ മായികപിഞ്ചികകൾ കൊണ്ട് ഗുരുഭൃതന്മാർ അവരുടെ ഹൃദയത്തിൽ കരുത്തിന്റെ കോട്ടകൾ കെട്ടി.വർണ്ണങ്ങളും വരകളും നൂപുരധ്വനികളും നിറഞ്ഞുനിന്ന ഈ വിദ്യാലയത്തിൽ നിന്ന് തങ്കനാണയങ്ങളുടെ ഭാരവും പേറി അവർ പടിയിറങ്ങി.അപ്പോൾ പുത്തനുടുപ്പിന്റെയും പുതിയ പുസ്തകത്തിന്റെയും നറു മണം പരത്തി പുതിയ തലമുറ കയറിവരുന്നു...ഒരു കൈവീശി വിടപറയുമ്പോഴും മറു കൈ കൊണ്ട് ഓമനകളെ വാരിയടുപ്പിക്കുന്ന ഒരമ്മയെപ്പോലെ നമ്മുടെ വിദ്യാലയം....

# നിഴൽക്കുത്ത്

യാത്രകളുടെ ദുരവസ്ഥകളിൽ
ജീവിതം അർത്ഥവും പൊരുളും തേടിയലയുന്ന
ഒരു പ്രഹേള്കയാവുമ്പോൾ
ന്ഴൽക്കുത്തു പോലെ ഹൃദയത്തെ കൊരുത്തു
വലിയ്ക്കുന്ന സ്നേഹത്തിന്റെ ചില നാരിഴകൾ
ഇണങ്ങിയും പിണങ്ങിയും
പ്രണയിച്ചും കലഹിച്ചും
ഒഴുകുന്ന നദിയുടെ കരയിൽ
കലുഷമായ കടലിന്റെ
ഭീതിദമായ ഞരക്കങ്ങൾ കേട്ടും
കാലം കടലാസു തോണിയില്
സ്വപ്നാടനത്തിനു വിട്ട ഇണകൾ.
കാലത്തിന്റെ കതിരുകളെ
വെളുത്ത കുതിരകൾ
ചവിട്ടിമെതിയ്ക്കുമ്പോൾ
നമുക്ക് നഷ്ട്ടമാകുന്നത്,
സ്വപ്നങ്ങളുടെ സ്വർണ്ണപേടകമാണ്.
ചിന്തകൾക്ക് വെണ്മയില്ല.
വാക്കുകൾക്ക് വെളിച്ചമില്ല.
നീലാകാശത്ത് പറവകൾ
ചിറകറ്റു വീഴുന്നു.
പാദുകങ്ങളില്ല,പഥികന്റെ കഴലുപൊള്ളുന്നു.
വഴിയമ്പലത്തിന്റെ ചുമരുകളിടിയുന്നു.
വ്യഥിതകാലങ്ങളിൽ യാത്രികന്റെ വരണ്ടചുണ്ടുകളിൽ
മിഴിനീരിന്റെ ഉപ്പ്.
ഉണർന്ന മിഴികൾക്കു മുന്നിൽ
ആകാശത്തിനും സ്വർഗ്ഗത്തിനും താഴെ
സ്വപ്നങ്ങളുടെ കളകൾ നിറഞ്ഞ പാഴ്നിലങ്ങളിൽ

യാത്രികൻ സന്താപത്തിന്റെ വിത്തുകൾ വിതറുകയാണ്.
പ്രതീക്ഷകളും പ്രത്യാശകളുമില്ലാതെ ഊഷരതകളിൽ
വിളവെടുപ്പിന്റെ വ്യർത്ഥമായ
ശബ്ദങ്ങൾക്ക് കാതോർക്കുകയാണ്.

പവിത്രൻ മാവില

# യാത്ര

ഇന്നലകളിൽ പടുത്തുയർത്തിയ
ഗോപുരങ്ങളിന്നു തകർന്നുപോയ്...!
നാളെയുടെ കൊടുങ്കാറ്റിൽ
ഉടയാത്തൊരു കിനാവുമായി ഈ യാത്ര...

ആദി സംസ്കാരത്തിന്റെ പവിത്രതയിൽ
നിത്യസത്യത്തിന്റെ പൊരുൾ തിരഞ്ഞപ്പോൾ;
മനസ്സിന്റെ ദ്രവിച്ച അസ്ഥിത്വത്തിൽ,
കാലത്തിന്റെ കറുത്തപാടുകൾ....
സിന്ദൂരം പൊലിഞ്ഞ കാല്യസായന്തനങ്ങൾ....
ചിരിക്കാൻ മറന്ന താരകൾ....
ഗാന്ധിയുടെയും തെരേസയുടെയും
മിഴിക്കോണിലൂടടർന്നു വീഴുന്ന
ചുവന്ന കണ്ണീർ മുത്തുകൾ....
ചാച്ചാജിയുടെ പനിനീർപ്പൂക്കൾക്കോ
കൊഴിഞ്ഞയിതളികൾ....!

അന്തരാത്മാവിലേതോ കോണിൽ
മൂകമായുറങ്ങുന്ന നോവിന്റെ

മിഴിനീരടങ്ങുന്ന കനിവിന്റെ കൈകോർത്ത്
ഈ ചടുലമാം ലോകത്തിൽ,
എങ്ങോട്ടാണീ യാത്ര...?
പകലിരവുകളെ പെറ്റുപോറ്റുന്നൊരർക്കന്റെ
ശോഭ തേടാതെ
ജനിമൃതികൾക്കിടയിൽ,
നിലകൊള്ളുമെൻ ചിന്താശകലങ്ങൾ
ക്രൂരിരുട്ടിലലിഞ്ഞു ചേർന്നേക്കുമോ...?
മനക്കോട്ടയിൽ,
ആശങ്കകൾ ഇരുൾ പടർത്തുമ്പോഴും;
ഇടറാതെ,പതറാതെ മുന്നോട്ട്...;
മുന്നോട്ട്...മുന്നോട്ടു മാത്രം...!

ശ്രീജിമാശ്രീധർ

# സ്വാതന്ത്ര്യ-
# പുലരിയിൽ

സ്വാതന്ത്ര്യത്തിൻ വിജയപതാക

ഉയരട്ടങ്ങനെ ഉയരട്ടെ

അടിമത്തത്തിൻ ചങ്ങല

പൊട്ടിച്ചെറിഞ്ഞ സുദിനമിതാ....

സുദിനമിതാ....സുദിനമിതാ....

സ്വാതന്ത്ര്യത്തിൻ അൻപത്തെട്ടാം

പുലരിയെ വരവേൽക്കാൻ

ഉണരുകയായ്...ഉയരുകയായ്...

ഭാരതനാടാകെ.....കേരളനാടാകെ.....

സ്വാതന്ത്ര്യത്തിൻ വിജയപതാക

ഒരേ ഒരിന്ത്യ ഒരൊറ്റ ജനത

സ്വപ്നം കണ്ട മഹാന്മാരെ...

നിങ്ങൾ താണ്ടിയ പാതയിൽ നിന്നും

കൈത്തിരി ഞങ്ങൾ കൊളുത്തീടാം....

രമണി പുതുക്കുടി

# യേശുവിന്റെ രണ്ടാം വരവ്

യേശുക്രിസ്തു വീണ്ടും ഭൂമിയിലെത്തി.പുത്തൻ കാഴ്ചകൾ കണ്ട്  തിരക്കേറിയ തെരുവിലൂടെ ആശ്ചര്യപൂർവ്വം നടന്നു. ആരും അദ്ദേഹത്തെ ഗൗനിച്ചില്ല. എല്ലാവരും തിരക്കിലായിരുന്നു. ഒടുക്കം രാത്രിയായപ്പോൾ ഒരു ബീറ്റ് പോലീസുകാരൻ അദ്ദേഹത്തോടു ചോദിച്ചു.

നീയാര്?

യേശുക്രിസ്തു.

വീട്?

സ്വർഗ്ഗത്തിൽ

പുതിയ ആളാണോ?

അല്ല,പഴയ ആളാണ്.

വരവിന്റെ ഉദ്ദേശ്യം?

ലോകത്തിന്റെ പാപങ്ങൾ ഏറ്റെടുക്കാൻ വന്നതാണ് സുഹൃത്തേ,

തുടർന്ന് അവർ ദൈവപുത്രനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി.

അദ്ദേഹത്തിന്റെ മറുപടികൾ കേട്ട കോടതി യേശുദേവനെ ഭ്രാന്താശുപത്രിയിലേക്കയച്ചു.

പിറ്റേന്ന്,പത്രത്തിലെ മുൻതാളിലെ വാർത്ത ഇങ്ങനെയായിരുന്നു "ഒട്ടേറെ ക്രിമിനൽ കേസുകളിലെ പ്രതിയായ മാനസിക രോഗി അറസ്റ്റിൽ"
ഇതു കണ്ട യേശുദേവൻ കൈകൾ മുകളിലേക്കുയർത്തി ചോദിച്ചു."കാരുണ്യവാനായ പിതാവേ,എത്ര വെള്ളിക്കാശിനുവേണ്ടിയാണിവർ എന്നെ ഒറ്റിയത്? ഇവർക്ക് മാപ്പുനല്കേണമേ.

പി.സി.ജിബിൻ